LIBRARY ARCHIVES Kerala Legislative Assembly

# അനുബന്ധം

## 15-2-2016-ലെ ചോദ്യോത്തരങ്ങൾ

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതിച്ചെലവ്

1 (*121) ശ്രീ. എളമരം കരീം :

ശ്രീ. സി. കെ. സദാശിവൻ :

ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതിച്ചെലവിന്റെ സിംഹഭാഗവും ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ ചെലവഴിച്ച് വരുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നു ;

(ബി) പ്രസ്തുത നടപടികൾ കൊണ്ട് എന്തെങ്കിലും ഗുണപരമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോ എന്നറിയിക്കാമോ ;

(സി) പദ്ധതികൾ അംഗീകരിച്ച് കിട്ടാൻ എടുക്കുന്ന കാലതാമസം പ്രസ്തുത സ്ഥതിവിശേഷം സൃഷ്ടിക്കുന്നതിൽ എന്ത് പങ്ക് വഹിച്ചിട്ടുണ്ടെന്നറിയിക്കാമോ ;

(ഡി) ഫണ്ട് ലഭ്യമാക്കുന്നതിലെ കാലതാമസം വിനിയോഗത്തെ ബാധിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ-സി) തദ്ദേശ ഭരണസ്ഥാപനങ്ങളിൽ പദ്ധതി ചെലവ് സാമ്പത്തിക വർഷത്തിന്റെ അവസാന സമയങ്ങളിൽ കൂടുതൽ ചെലവഴിക്കുന്ന സാഹചര്യം ഒഴിവാക്കാൻ ഉതകുന്ന വിധത്തിലാണ് സർക്കാർ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. മുൻ കാലങ്ങളിൽ പദ്ധതി അംഗീകാര നടപടികൾ വൈകുന്നതായിരുന്നു പദ്ധതി ചെലവ് വർഷാവസാനത്തേയ്ക്ക് നീളുന്നതിന് കാരണമായിരുന്നത്. അധികാര വികേന്ദ്രീകരണത്തിന്റെ ആദ്യ കാലഘട്ടം മുതൽ തന്നെ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പദ്ധതി അംഗീകരിച്ചുകിട്ടുന്നതിന് പദ്ധതി വർഷത്തിന്റെ പകുതിയിൽ കൂടുതൽ കാലയളവ് വേണ്ടിവരുന്ന അവസ്ഥയാണുണ്ടായിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇദംപ്രഥമമായി 12-ാം പദ്ധതിയുടെ ആദ്യവർഷം 33 ഗ്രാമപഞ്ചായത്തുകൾ പദ്ധതി വർഷത്തിന്റെ മുൻവർഷം തന്നെ പ്രോജക്ട് അംഗീകാരം നേടുകയുണ്ടായി. 2014-15 വർഷം 92 ഗ്രാമപഞ്ചായത്തുകളും 2015-16 വർഷം 78 ഗ്രാമപഞ്ചായത്തുകളും ഈ നേട്ടം കൈവരിക്കുകയുണ്ടായി. കൂടാതെ പദ്ധതി രൂപീകരണ-അംഗീകാര നടപടികൾ പൂർണ്ണമായും കമ്പ്യൂട്ടർവല്ക്കരിച്ചതും പദ്ധതി പരിശോധിക്കുന്നത് സാങ്കേതിക ഉപദേശ സമിതിയിൽനിന്നും മാറ്റി നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേലുദ്യോഗസ്ഥർ പരിശോധിച്ച് അംഗീകാരം നൽകിയാൽ മതിയെന്ന് വ്യവസ്ഥയുണ്ടായതും പദ്ധതി അംഗീകാര നടപടികൾ വേഗത്തിലാക്കാൻ കാരണമായിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ജൂലായ്-ആഗസ്റ്റ് മാസങ്ങളോടെ എല്ലാ പഞ്ചായത്തുകളും പദ്ധതി അംഗീകാര നടപടികൾ പൂർത്തിയാക്കിയിരുന്നു. ഇതുകാരണം പദ്ധതി നിർവ്വഹണത്തിന് 7-8 മാസം വരെ ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സാമ്പത്തിക വർഷത്തിന്റെ അവസാന സമയത്ത് തുക കൂടുതൽ ചെലവഴിച്ച് തീർക്കേണ്ട സാഹചര്യം ഇപ്പോൾ ഇല്ല എങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങൾ സാമ്പത്തിക വർഷാവസാനത്തിൽ കൂടുതൽ ഫണ്ട് ചെലവഴിക്കുന്നുണ്ടെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാമ്പത്തിക വർഷം ആദ്യം ഏറ്റെടുക്കുന്ന മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ച് അളവുകളെടുത്ത് ബില്ലുകൾ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിച്ച് തുക മാറിയെടുക്കുന്നതിന് സ്വാഭാവികമായി വേണ്ട സമയം ചുരുക്കാനാവില്ല. ഇതും ചെലവിന്റെ ഒരു വലിയ ശതമാനം വർഷാവസാനത്തേയ്ക്ക് മാറുന്നതിന് കാരണമാവുന്നുണ്ട്.

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുഴുവൻ പദ്ധതി വിഹിതവും യഥാസമയത്ത് ലഭ്യമാക്കിയിട്ടുണ്ട്.

**തൊഴിലുറപ്പ് പദ്ധതി**

2(*122) ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. കെ. വി. വിജയദാസ് :

ശ്രീമതി കെ. കെ. ലതിക :

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;